# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1728 | | 01.11.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| തിരുവനന്തപുരം നഗരസഭയ്ക്ക് അവാർഡ് | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.എം. വിൻസെന്റ് | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | തിരുവനന്തപുരം നഗരസഭയ്ക്ക് അന്താരാഷ്ട്ര പരിസ്ഥിതി സംഘടനയായ ജി.എ.ഐ.എ. യുടെ മികച്ച മാലിന്യ പരിപാലന അവാർഡ് ലഭിച്ചിട്ടുണ്ടോ; ഏതൊക്കെ പ്രവർത്തനങ്ങളുടെ പേരിലാണ് നഗരസഭയ്ക്ക് ഈ അവാർഡ് ലഭിച്ചതെന്ന് വെളിപ്പെടുത്താമോ ; | (എ) | ഉണ്ട്. പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ ബ്രാന്റ് ഓഡിറ്റിംഗ്, സമുദ്രതീരത്തെ പ്ലാസ്റ്റിക്ക് മാലിന്യങ്ങളെ കുറിച്ചുള്ള പഠനം, സ്കൂളുകളിലെ സീറോ വേസ്റ്റ് പ്രവർത്തനങ്ങൾ, ഗ്രീൻപ്രോട്ടോക്കോൾ, ഉറവിട വികേന്ദ്രീകൃത മാലിന്യ സംസ്കരണം എന്നീ പ്രവർത്തനങ്ങളെ മുൻ നിർത്തിയാണ് അവാർഡ് ലഭിച്ചിട്ടുള്ളത് |
| (ബി) | കേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്താത്തതിനാൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം നഗരസഭയ്ക്ക് 14.15 കോടി രൂപ പിഴ ഇട്ട സാഹചര്യത്തിൽ മേൽപ്പറഞ്ഞ അവാർഡ് സ്വീകരിച്ചത് നീതീകരിക്കത്തക്കതാണോയെന്ന വസ്തുത പരിശോധിക്കുമോ; | (ബി) | മലിനീകരണ നിയന്ത്രണ ബോർഡ് തിരുവനന്തപുരം നഗരസഭയ്ക്ക് പിഴ ചുമത്തിയിട്ടില്ല. കാരണം കാണിക്കൽ നോട്ടീസ് ആണ് നൽകിയിട്ടുള്ളത്. |
| (സി) | പ്രസ്തുത അവാർഡ് സ്വീകരിക്കുവാൻ തിരുവനന്തപുരം നഗരസഭ ആരെയാണ് ചുമതലപ്പെടുത്തിയതെന്നും ഇതിനായി നഗരസഭ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ? | (സി) | കെ.ശ്രീകുമാർ, ചെയർമാൻ ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി. ഇതിലേയ്ക്ക് നഗരസഭയ്ക്ക് തുകയൊന്നും ചിലവായിട്ടില്ല. |

സെക്ഷൻ ഓഫീസർ